**കേരളസർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- നഗരഗ്രാമാസൂത്രണ വകുപ്പിലെ ഡെപ്യൂട്ടി ടൗൺ പ്ളാനറായ ശ്രീ റിജേഷ് എൻ.എം - ഡെപ്യൂട്ടി ടൗൺ പ്ളാനർ തസ്തികയിലെ നിരീക്ഷണ കാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ(സാധ) നം. 100/ 2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 19/ 01/ 2019**

---

പരാമർശം:- 1. മുഖ്യനഗരാസൂത്രകന്റെ 03.12.2018 ലെ എ 3/ 7191/ 2018 നമ്പർ കത്ത്.

2. അക്കൗണ്ടന്റ് ജനറൽ (എ&ഇ)യുടെ 17.09.2018 ലെ ജി.ഇ 11/ എ/റ്റിപിആർ -43/ 1329 നമ്പർ കത്ത്.

**ഉത്തരവ്**

നഗരഗ്രാമാസൂത്രണ വകുപ്പിൽ ഡെപ്യൂട്ടി ടൗൺ പ്ളാനർ തസ്തികയിൽ സ്ഥാനക്കയറ്റം ലഭിച്ച് 29.07.2016 പൂർവ്വാഹ്നത്തിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ റിജേഷ് എൻ.എം എന്ന ജീവനക്കാരന്റെ ടി തസ്തികയിലെ നിരീക്ഷണ കാലയളവായ തുടർച്ചയായ ഒരു വർഷത്തിൽ 6 മാസത്തെ സേവനം പൂർത്തിയാകുന്നത് 28.01.2017 അപരാഹ്നത്തിലാണ്. എന്നാൽ ടി കാലയളവിൽ ടിയാൻ 28.12.2016 മുതൽ 10.01.2017 വരെ ആകെ 14 ദിവസത്തെ ആർജ്ജിതാവധി ഉപയോഗിച്ചിട്ടുണ്ട് എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം 2 പ്രകാരം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി 14 ദിവസം നീക്കുമ്പോൾ നിരീക്ഷണകാലം പൂർത്തിയാകുന്നത് 11.02.2017 അപരാഹ്നത്തിലാണ്.

നിരീക്ഷണ കാലയളവിലെ ടിയാന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടിയോ ഇല്ലായെന്നും ടിയാന്റെ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്നും മുഖ്യ നഗരാസൂത്രകൻ പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ റിജേഷ് എൻ.എം എന്ന ജീവനക്കാരന്റെ ഡെപ്യൂട്ടി ടൗൺ പ്ളാനർ തസ്തികയിലെ നിരീക്ഷണ കാലം, കെ . എസ് .& എസ് . എസ് . ആർ ചട്ടം 20 ( ബി ) പ്രകാരം 12.02.2017 പൂർവ്വാഹ്നം പ്രാബല്യത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**എസ്. മോഹൻദാസ്**
**അഡിഷണൽ സെക്രട്ടറി**

<u>പകർപ്പ്</u>

മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
ശ്രീ റിജേഷ് എൻ.എം, ഡെപ്യൂട്ടി ടൗൺ പ്ളാനർ,
നഗരഗ്രാമാസൂത്രണ വകുപ്പ്. (മുഖ്യനഗരാസൂത്രകൻ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ